പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3115 18.10.2016-ൽ മറുപടിയ്ക്ക്

## സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത ഉയർത്താൻ കർമ്മപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എൻ.ഷംസീർ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത കുറഞ്ഞുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്കൂൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത ഉയർത്താൻ ഏതെങ്കിലും കർമ്മപദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (ബി), (സി) & (ഡി) | കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിയ്ക്കുന്നതിന് നിലവിലുള്ള സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി 2008-09 വർഷം മുതൽ ആറു വർഷമായി തുടർന്നുവരുന്നു. കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ കായികക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തിഗതമായി അളന്ന് പരിശോധിച്ച്, പരിശോധനാ ഫലം ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും, അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടുകൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്ന പദ്ധതിയാണ് സമ്പൂർണ്ണകായികക്ഷമതാ പദ്ധതി. 2008-ൽ ആരംഭിച്ച പദ്ധതി 2012-13-ന് ശേഷം ചില സാങ്കേതിക കാരണങ്ങളാൽ തുടരുവാൻ സാധിച്ചില്ല. പ്രസ്തുത പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതിനായി 5 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ കായികക്ഷമത എങ്ങനെ മെച്ചപ്പെടുത്താമെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.<br><br>കൂടാതെ, സംസ്ഥാന സ്പോർട്സ് കൗൺസിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്ത് 'കായികവിദ്യാഭ്യാസം പാഠ്യ പദ്ധതിയിൽ' തത്വത്തിൽ അംഗീകരിച്ച് ഉത്തരവായെങ്കിലും, ഇത് പ്രായോഗികമായി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. കായിക വിദ്യാഭ്യാസം |
| (സി) | സർക്കാരിന്റെ പരിഗണനയിലുള്ള കർമ്മപദ്ധതി വിശദീകരിക്കുമോ ; | | |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം ഏതെങ്കിലും പ്രോജക്ട് നടപ്പിലാക്കാൻ കായികവകുപ്പ് ധനസഹായം നൽകുമോ ? | | |

പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്കുള്ള പഠനസഹായിയുടെ മലയാളം പതിപ്പ് തയ്യാറാക്കി ഡി.പി.ഐയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ വേണ്ടി ഈ വകുപ്പ് പ്ലേ ഫോർ ഹെൽത്ത്, സ്വിം ആന്റ് സർവൈവ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ വിദ്യാർത്ഥികളിൽ കായിക ശേഷിയും ബുദ്ധിശക്തിയും വർദ്ധിപ്പിക്കുന്നതിനും മാനസിക പിരിമുറുക്കങ്ങൾ കുറയ്ക്കുന്നതിനും വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ "യോഗപരിശീലനം സ്കൂളുകളിൽ " എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ